പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 105 — 15-10-2026-ൽ മറുപടിയ്ക്ക്

## പ്രഥമാധ്യാപക സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. കെ. യു. ജനീഷ് കുമാർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** മുൻകാലങ്ങളിൽ മെയ് മാസത്തെ വിരമിക്കൽ ഒഴിവുകളിലേക്ക് അവധിക്കാലത്തുതന്നെ പൂർത്തിയാക്കിയിരുന്ന പ്രഥമാധ്യാപക സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും ഇപ്പോൾ അധ്യയനവർഷത്തിന്റെ പകുതിയിലേയ്ക്ക് വൈകിയിട്ടുണ്ടോ; എങ്കിൽ വൈകാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

**മറുപടി:** K-TET മായി ബന്ധപ്പെട്ട് ബഹു.സുപ്രീം കോടതിയുടെ വിധിയ്ക്ക് വിധേയമായി സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച് വിവിധ തലങ്ങളിലുള്ള പരിശോധനകൾ ഈ അദ്ധ്യയന വർഷം മുൻകാലങ്ങളിൽ നിന്നും വിഭിന്നമായി ആവശ്യമായി വന്നിട്ടുണ്ട്. ബഹു. സുപ്രീം കോടതി ടി വിഷയത്തിലുള്ള റിവ്യൂ ഹർജി 29.05.2026 -ൽ തീർപ്പാക്കിയ ശേഷം ആയതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് 09.07.2026, 22.07.2026 തീയതികളിലായി 224 പേർക്ക് പ്രഥമാദ്ധ്യപക തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

**(ബി)** സമയബന്ധിതമായി സ്ഥാനക്കയറ്റം നൽകാത്തതിനാൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പ്രധാനാധ്യാപകരില്ലാതെയാണ് ഈ അധ്യയനവർഷം ആരംഭിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ഈ അധ്യായന വർഷത്തിന്റെ ആരംഭത്തിൽ പ്രഥമ അധ്യാപകരുടെ ഒഴിവുണ്ടായിരുന്ന സ്കൂളുകളിൽ അതത് സ്കൂളുകളിലെ മുതിർന്ന അധ്യാപകർക്ക് പ്രഥമ അധ്യാപകരുടെ താത്കാലിക ചുമതല നൽകിയിരുന്നതിനാൽ അക്കാദമിക പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടായിട്ടില്ല. തുടർന്ന് 224 പേർക്ക് പ്രഥമ അധ്യാപകരായി സ്ഥാനക്കയറ്റം നൽകിയതിലൂടെ ഭൂരിഭാഗം സ്കൂളുകളിലും പ്രഥമ അധ്യാപകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്

**(സി)** പ്രൈമറി വിഭാഗം പ്രധാനാധ്യാപക സ്ഥാനക്കയറ്റ നടപടികൾ വൈകി ആരംഭിച്ചിട്ടും നിലവിലുള്ള മുഴുവൻ ഒഴിവുകളും നികത്താൻ സാധിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ബഹു. സുപ്രീം കോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ കെടെറ്റ് യോഗ്യത ഇല്ലാത്ത അധ്യാപകരുടെ പ്രഥമാധ്യാപക തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നതിനാൽ മുഴുവൻ പ്രധാന അധ്യാപക സ്ഥാനകയറ്റ ഒഴിവുകൾ നികത്താനായിട്ടില്ല.

**(ഡി)** അധ്യയനവർഷത്തിന്റെ മധ്യത്തിൽ സ്ഥലംമാറ്റങ്ങൾ നടത്തുന്നത് സ്കൂളുകളുടെ അക്കാദമിക് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നതിനാൽ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ബഹു.സുപ്രീം കോടതിയുടെ വിധിയ്ക്ക് വിധേയമായി നിലവിൽ 224 പേർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ചുവരികയാണ്

**സെക്ഷൻ ഓഫീസർ**